"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ത.സ്വ.ഭവ - 2021-ലെ പഞ്ചായത്ത് ദിനാഘോഷത്തിന്റെ പഞ്ചായത്ത് തല പരിപാടിയുടെ നടത്തിപ്പിനും ഭക്ഷണം ഉൾപ്പടെയുള്ള അനുബന്ധ ചെലവുകൾക്കുമായി പതിനായിരം രൂപയിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.455/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 16/02/2021

---

പരാമർശം:- 1 സ.ഉ. (സാധാ) നം. 191/2021/ത.സ്വ.ഭ.വ തീയതി, 23.01.2021.

2 പഞ്ചായത്ത് ഡയറക്ടറുടെ 01.02.2021-ലെ പി.എ.എൻ/13967/2020-ജി2(ഡി.പി) നമ്പർ കത്ത്.

**ഉത്തരവ്**

ഫെബ്രുവരി 19-ന് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടികൾ തൽസമയം ഗ്രാമ പഞ്ചായത്തുകളിൽ നേരിട്ട് കാണുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനും ഗ്രാമ പഞ്ചായത്ത് തലത്തിൽ മുൻ ഭരണ സമിതിയിലെ അംഗങ്ങളെയും ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സെമിനാറുകളോ മറ്റ് പരിപാടികളോ ഗ്രാമ പഞ്ചായത്ത് കാര്യാലയങ്ങളിൽത്തന്നെ നടത്തുന്നതിന് പഞ്ചായത്ത് ദിനാഘോഷ സംഘാടക സമിതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനും ഭക്ഷണം ഉൾപ്പടെയുള്ള അനുബന്ധ ചെലവുകൾക്കുമായി പതിനായിരം രൂപയിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2021-ലെ പഞ്ചായത്ത് ദിനാഘോഷത്തിന്റെ പഞ്ചായത്ത് തല പരിപാടിയുടെ നടത്തിപ്പിനും ഭക്ഷണം ഉൾപ്പടെയുള്ള അനുബന്ധ ചെലവുകൾക്കുമായി പതിനായിരം രൂപയിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

അസി. സെക്ഷൻ ഓഫീസർ.